CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പുണ്യചരിതനായ

# പാലക്കൽ മല്പാൻ



ഫാ: ജോൺ [illegible]

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പുണ്യചരിതനായ പാലയ്ക്കൽ മല്പാൻ

(ജീവചരിത്രം)

ഫാ. ജോൺ റോമയോ പട്ടശ്ശേരി, C. M. I.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

MALAYALAM

**PUNNYA CHARITHANAYA PALAKAL MALPAN**
( BIOGRAPHY )

*Author :*
**REV. FR. JOHN ROMEO PATTASSERY, C. M. I.**

*First Published :* January 1988 .

*Copy right :* to the Author

*Published by :* the Author

*Cover design :* John arts Pallippuram

*Printed at :* Alwaye Press, Friendship House

Price : Rs. 8.00

www.TheCMSIndia.org



ഗ്രന്ഥകർത്താവ്

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

1934-ൽ ചേർത്തല അടുത്തുള്ള ഉഴവ എന്ന സ്ഥലത്തു് പട്ടശ്ശേരി എന്ന പുരാതന കുടുംബത്തിൽ ജനിച്ചു. മാതാപിതാക്കൾ വറുഗീസും മറിയാമ്മയും. 1953-ൽ സി. എം. ഐ. സഭയിൽ ചേർന്നു. 1962-ൽ വൈദികനായി. ഫിലോസഫി, തിയോളജി എന്നിവയിലുള്ള ഡിഗ്രിക്കു പുറമെ ചരിത്രത്തിൽ മാസ്റ്റർബിരുദവും നേടിയിട്ടുണ്ടു്. 'വാഴ്ത്തപ്പെട്ട ചാവറയച്ചൻ', 'ചാവറയച്ചൻ വികാരിയായിരുന്ന പള്ളിപ്പുറം' എന്നിവ ഇദ്ദേഹത്തിൻെറ മററു കൃതികളാണു്. ധ്യാനപ്രാസംഗികനും ഒരു ഗായകനുമാണു്. ധർമ്മഗീതി, അമൃതധാര എന്നീ ഗാനകൃതികളുടെ സമ്പാദകനുംകൂടിയാണു്. ഇപ്പോൾ ആലുവ സെൻറ് ആൻറണീസ് ആശ്രമത്തിൽ സേവനം അനുഷ്ഠിക്കുന്നു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ആമുഖം

'മററത്തെ മുല്ലയ്ക്കു മണമില്ല' എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. 19-ാം നൂററാണ്ടിലെ സഭാചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഒരു ധ്യാനയോഗിയും കർമ്മയോഗിയുമായിരുന്ന ബ. പാലയ്ക്കൽ തോമാമല്പാൻ. വാഴ്ത്തപ്പെട്ട ചാവറയച്ചനെക്കുറിച്ച് ഒരു ജീവചരിത്രമെഴുതാൻ സഭാചരിത്രവും സി. എം. ഐ. സഭാചരിത്രവും മററും പരിശോധിച്ചപ്പോൾ സി. എം. ഐ. സഭയുടെ സ്ഥാപകരിൽ പ്രമുഖനായ ഈ യതിവര്യനെക്കുറിച്ചു കുറെയേറെ അറിയുന്നതിനിടയായി. അക്കാലത്തു് കേരളസഭയ്ക്കുവേണ്ടി അത്യദ്ധ്വാനംചെയ്ത ഈ മഹർഷിവര്യനെ – ഒരു സെമിനാരിക്കു രൂപംകൊടുത്തു് അതു അക്കാലത്തിൻെറ വലിയ വിജ്ഞാന സമ്പാദന കേന്ദ്രമായി പരിപോഷിപ്പിച്ച ഈ പണ്ഡിതവരേണ്യനെ–വളരെ മുൻനോട്ടത്തോടുകൂടി ഭാരത സഭയ്ക്കാകെ നന്മ ചെയ്യാൻപോരുന്ന ഒരു സന്യാസസഭയ്ക്കു രൂപംകൊടുത്ത ഈ ക്രാന്തദർശിയെക്കുറിച്ച് വളരെ കുറച്ചു മാത്രമെ ഇന്നത്തെ ലോകത്തിനു പരിജ്ഞാനമുള്ളു. ഇതു പരിഹരിക്കാനുള്ള ഒരു എളിയ സംരംഭമാണ് ഈ ചെറുപുസ്തകം. വാഴ്ത്ത. ചാവറയച്ചനെപ്പോലെ ഒരു നാളാഗമം എഴുതാൻ മല്പാനച്ചൻ മറന്നുപോയിട്ടോ - അതു നഷ്ടപ്പെട്ടിട്ടോ ജീവചരിത്രം കുറിക്കാൻ ഉപകരിക്കുന്ന കുറിപ്പുകൾ ഒന്നും കിട്ടിയില്ല. ആകപ്പാടെയുള്ള ആധികാരിക പരാമർശം അദ്ദേഹത്തിൻെറ അരുമശിഷ്യനായ വാഴ്ത്തപ്പെട്ട ചാവറയച്ചൻെറതന്നെ. അതെല്ലാംകൂടി നാലു പേജിൽ കൂടുതൽ വരികയുമില്ല. ഈ സാഹചര്യത്തിൽ; സാഹച

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ര്യത്തെളിവുകളേയും മററു ചരിത്രഗ്രന്ഥങ്ങളേയും വളരെയേറെ ആശ്രയിക്കേണ്ടിവന്നിട്ടുണ്ട്.

വന്ദ്യനായ പാലയ്ക്കൽ മല്പാനച്ചനെക്കുറിച്ച് കുറച്ചെങ്കിലും അറിയുവാനും അദ്ദേഹത്തെക്കുറിച്ചു ഇനിയും കൂടുതൽ പഠിക്കുവാനും ഈ ചെറുഗ്രന്ഥം ഉപകരിക്കും എന്നാണ് എൻെറ പ്രതീക്ഷ. ഇതു കുത്തിക്കുറിക്കുവാൻ എന്നെ പ്രേരിപ്പിച്ച സഹൃദയരോടും ഇതിൻെറ മുദ്രണം ഭംഗിയായി ഒരാഴ്ചകൊണ്ടു നിർവ്വഹിച്ചു തന്ന ആലുവാ പ്രസ്സ് ഭാരവാഹികളോടും എനിക്കുള്ള നിസ്സീമമായ കൃതജ്ഞത ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ആലുവ
15-1-1988

ഫാ. ജോൺ റോമയോ പട്ടശ്ശേരി
സെൻറ് ആൻറണീസ് മൊണാസ്റ്ററി

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ക്കാൻ സി. എം. ഐ. സഭാംഗമായ ബ. ജോൺ റോമ യോസച്ചൻ ഒരു എളിയ പരിശ്രമം നടത്തിയിരിക്കു യാണു്.

പത്തൊൻപതാം നൂററാണ്ടിൻെറ ആദ്യപകുതി മഹാനായ പാലയ്ക്കൽ മല്പാൻെറ പ്രവത്തനങ്ങളുടെ കാലമാണു്. ഈ ആദ്യ പകുതിയിലെ സഭാചരിത്രം തോമ്മാ മല്പാൻെറ ജീവചരിത്രത്തോടു കെട്ടുപിണഞ്ഞു കിടക്കുന്നു. വേറെ വാക്കിൽ പറഞ്ഞാൽ പാലയ്ക്കൽ മല്പാൻെറ ചരിത്രംതന്നെയാണ് ആ കാലങ്ങളിലെ സഭയുടെ ചരിത്രവും. ഇപ്രകാരം ചരിത്രഗതിയെ തിരിച്ചുവിട്ടു് സഭയെ സമ്പന്നമാക്കിയ പാലയ്ക്കലച്ചനെക്കുറിച്ചു് നമുക്കു കൂടുതൽ പഠിക്കാം. മല്പാനച്ചനോടു കൂടുതൽ ഭക്തിയും ആദരവും പ്രകടിപ്പിക്കാം. ഇനിയും കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾക്കും പ്രബന്ധങ്ങൾക്കും ഈ കൃതി ഉത്തേജനം അരുളട്ടെ. ഗ്രന്ഥകത്താവിനു് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നതോടൊപ്പം ഈ ഗ്രന്ഥത്തിനു് നിരവധി അനുവാചകർ ഉണ്ടാകട്ടെ എന്നു പ്രാത്ഥിക്കുകയും ഈ പുസ്തകം സഹൃദയസമക്ഷം അവതരിപ്പിക്കുകയും ചെയ്യുന്നു.

രാജഗിരി

കളമശ്ശേരി — ഫാ. ബാസ്സൂസ് C. M. I.

10-1-'88 — പ്രൊവിൻഷ്യൽ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## I ചരിത്രമുറങ്ങുന്ന പള്ളിപ്പുറം

പുരാതനപ്രസിദ്ധമായ പള്ളിപ്പുറം പള്ളിക്കു് വി. തോമ്മാശ്ലീഹായുടെ വരവിനോളം പഴക്കമുണ്ടു്. കടലിൽനിന്നും പരശുരാമൻ മഴുവെറിഞ്ഞു കേരളം സൃഷ്ടിച്ചു എന്ന ഐതീഹ്യം, ആലപ്പുഴ മുതൽ വടക്കോട്ടു് അത്രുക്കുററിവരെയുള്ള കരപ്പുറം എന്ന ദ്വീപിനെക്കുറിച്ചു് യാഥാർത്ഥ്യമാകുകയാണു്. കാലത്തിൻെറ ഏതോ നല്ലകാലത്തു് കടൽ മാറി കരയായിത്തീർന്നതാണു് ഇന്നു നാം കാണുന്ന കടൽപ്പുറം (കരപ്പുറം) എന്ന ചേർത്തല താലൂക്കു്. പഞ്ചസാരമണലും വെള്ളക്കെട്ടുകളും കായൽപ്പരപ്പും ഇതിനു് ഒന്നാംതരം തെളിവാണു്. തൃപ്പൂണിത്തുറയും കടുത്തുരുത്തിയും (കടൽത്തുരുത്തു്) എല്ലാം ഒരുകാലത്തു കടൽത്തീരങ്ങളായിരുന്നു. ഇങ്ങനെ കടൽ പെററ കരയിൽ ഏതാണ്ടു മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പള്ളിപ്പുറത്തു് പ്രസിദ്ധമായ നമ്പൂരി* ഇല്ലങ്ങളും വാണിഭ സ്ഥാനങ്ങളും സ്ഥിതിചെയ്തിരുന്നു. ഇന്നും പള്ളിപ്പുറത്തും തൈക്കാട്ടുശ്ശേരിയിലും സ്ഥിതിചെയ്യുന്ന പേരെടുത്ത ഹൈന്ദവക്ഷേത്രങ്ങൾ ഈ യാഥാർത്ഥ്യത്തെയാണു് സൂചിപ്പിക്കുന്നതു്.

### മാർ തോമ്മാ സ്ളീവാ

പള്ളിപ്പുറം പള്ളിയിൽ പള്ളികൊള്ളുന്ന വിശുദ്ധ നിധികളിൽ ഏററം പൂജ്യമായ ഒന്നാണു് മാർ തോമ്മാ സ്ളീവ (കുരിശു്). ഇതു പള്ളിപ്പുറത്തു് എത്തിച്ചേർന്ന

* ദ്രാവിഡപ്രമുഖർ എന്നു പറയുന്നവരുമുണ്ടു്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

തിൻെറ പിന്നിൽ ദൈവപരിപാലനയുടെ ഒരു കഥതന്നെയുണ്ടു്. മാർ തോമ്മാശ്ലീഹാ ചായലിലും, നിരണത്തും ശ്ലൈഹികവേല പൂർത്തിയാക്കി മുഹമ്മ വഴിയോ തണ്ണീർമുക്കം വഴിയോ വന്നു് കോക്കമംഗലം എന്ന നമ്പൂതിരിമാരുടെ ഇല്ലങ്ങളുള്ള ഗ്രാമത്തിൽ എത്തിച്ചേർന്നു് അവിടെ സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു. ശ്ലീഹായുടെ പ്രവർത്തനങ്ങളെ വിവരിക്കുന്ന, ശക്തമായ പാരമ്പര്യത്തിൻെറ അടിസ്ഥാനത്തിൽ വിരചിതമായ റമ്പാൻ പാട്ടിലെ കുറെ വരികൾ ഇവിടെ ചേർക്കുന്നതു് ഉചിതമായിരിക്കും.

112 കല്പിച്ചുടനെ താൻ വാങ്ങി
വടമേക്കായ് നടകൊണ്ടു **ഗോക്കാ**
**മംഗല** ഗ്രാമേ താൻ ചെന്നു
പിഴയാതവിടേയുമൊരു വർഷത്തിനിട
അറിയിച്ചു താൻ മാർഗ്ഗത്തെ
ഒരായിരമൊടറുന്നൂർ പേരെ

118 മാമ്മോദീസായും മുക്കി
അവിടുന്നുടനെ നടകൊണ്ടങ്ങനെ
കോട്ടക്കായൽ ചെന്നെത്തി

മുകളിൽ കുറിച്ച പാട്ടിൽ പറയുന്ന കോക്കാമംഗലം ഗ്രാമം നാം ഇന്നു കാണുന്ന 5 കിലോമീററർ ചുററളവുള്ള സ്ഥലമല്ലെന്നും ശ്ലീഹാ ആദ്യമായി വന്നിറങ്ങിയതു് കോക്കമംഗലം ഗ്രാമത്തിലായിരുന്നെന്നും അവിടെ താൻ മാമ്മോദീസാ മുക്കിയ സവർണ്ണർക്കുവേണ്ടി ഒരു കുരിശു (പള്ളി) സ്ഥാപിച്ചുവെന്നും അവിടെനിന്നും കടപ്പുറത്തെ പ്രധാന സ്ഥലങ്ങളെല്ലാം ഒരു വർഷംകൊണ്ടു സന്ദർശിച്ചെന്നും വേദം പ്രസംഗിച്ചു പലരേയും ക്രിസ്തുമാർഗ്ഗത്തിലേയ്ക്കു സ്വീകരിച്ചെന്നും ആയിരത്തി അറുന്നൂറു പേർക്കു് മാമ്മോ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ദീസാ നല്കിയെന്നുമാണല്ലോ മനസ്സിലാക്കേണ്ടതു്. ഇങ്ങ
നെ നോക്കുമ്പോൾ അന്നു പ്രസിദ്ധിയാർജ്ജിച്ച ഒരു
വാണിജ്യകേന്ദ്രവും സവർണ്ണ ഹിന്ദുക്കളുടെ കേന്ദ്രവുമായി
രുന്ന പള്ളിപ്പുറത്തു തീർച്ചയായും ശ്ലീഹാ വരികയും ചില
കുടുംബങ്ങളെയെങ്കിലും സത്യമാർഗ്ഗത്തിലേയ്ക്കു നയിക്കു
കയും ചെയ്തിരിക്കണം. കോക്കമംഗലത്തുനിന്നു 6 കിലോ
മീററർ ജലമാർഗ്ഗമായും 8 കിലോമീററർ മാത്രം കരമാർഗ്ഗ
മായും സഞ്ചരിച്ചാൽ പള്ളിപ്പുറത്തു വന്നെത്താവുന്നതു
മാണു്. റമ്പാൻ പാട്ടിൽ പറയുന്നതുപോലെ കോട്ടക്കാ
വിലേയ്ക്കുള്ള ശ്ലീഹായുടെ യാത്ര പള്ളിപ്പുറംവഴി ആയിരി
ക്കാനാണു് കൂടുതൽ സാദ്ധ്യതയും. അങ്ങനെ ശ്ലീഹായുടെ
കാലത്തുതന്നെ ഒരു ക്രിസ്തീയസമൂഹത്തിന്റേയും ആരാധ
നാലയത്തിന്റേയും ആവിർഭാവം ഉണ്ടായതായി നമുക്കു
ന്യായമായും ഊഹിക്കാം.

കോക്കമംഗലത്തു തോമ്മാശ്ലീഹാ സ്ഥാപിച്ച കുരി
ശിനു് അധികനാൾ അവിടെ സ്ഥിതിചെയ്യുവാൻ ഭാഗ്യ
മുണ്ടായില്ല. എണ്ണത്തിൽ ബഹുഭൂരിപക്ഷമായിരുന്ന മതം
മാറാത്ത സവർണ്ണർ, മതം മാറിയവരെ നിരന്തരം പീഡി
പ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെ
യ്തിരുന്നു. ഒരു രാത്രി ക്രിസ്ത്യാനികളുടെ എല്ലാമെല്ലാമാ
യിരുന്ന കുരിശുപള്ളിതന്നെ സവർണ്ണർ പൊളിച്ചുകളയു
കയും കുരിശു വലിച്ചൂരി വേമ്പനാട്ടുകായലിന്റെ അഗാ
ധതയിലേയ്ക്കു വലിച്ചെറിയുകയും ചെയ്തു. മൂന്നിഞ്ചു ഘന
മുള്ള തേക്കുപലകയിൽ കൊത്തിവച്ച ഒന്നര അടിയോളം
വലിപ്പമുള്ള ഈ കുരിശുപലക വേമ്പനാടന്റെ ജലപ്പര
പ്പിൽ മുങ്ങിയും പൊങ്ങിയും കായലിലെ ഏററവും ഇറ
ക്കവും അനുസരിച്ചു സഞ്ചരിച്ചും പള്ളിപ്പുറം വൻകരയ്ക്കു
കിഴക്കുള്ള മാട്ടേൽ തുരുത്തിൽ വന്നു് അടിഞ്ഞുചേർന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഐരാണിക്കുളം എന്ന അപരനാമത്താലും അന്നു പള്ളിപ്പുറം അറിയപ്പെട്ടിരുന്നു. ഇവിടെ കച്ചവടം നടത്തിയും പശുക്കളെ വളർത്തിയും കഴിഞ്ഞുകൂടിയിരുന്ന പട്ടാര്യർ എന്നൊരു സമൂഹമുണ്ടായിരുന്നു. വേനൽക്കാലമായാൽ പള്ളിപ്പുറം കരയിൽ പച്ചപ്പുല്ലു കിട്ടുക വളരെ പ്രയാസമായിരുന്നു. എന്നാൽ അടുത്തുള്ള മാട്ടേൽ തുരുത്തിൽ ഈ സമയത്തു കറുത്ത തഴച്ചുവളരുന്ന നല്ല കറുകപ്പുല്ല് ധാരാളമുണ്ടായിരിക്കും. ഈ പുല്ലു ചെത്തിക്കൊണ്ടു വരുന്നതിനു് ഈ പട്ടാര്യർ പുലയസ്ത്രീകളെ ചെറുവള്ളത്തിൽ മാട്ടേൽ തുരുത്തിലേയ്ക്കു് അയയ്ക്കുമായിരുന്നു. മണിക്കൂറുകൾക്കകം വള്ളം നിറയെ പുല്ലുമായി അവർ മടങ്ങിവരുമായിരുന്നു. ഒരുദിവസം പുല്ലു ചെത്തുമ്പോൾ ഒരു പെണ്ണാളുടെ അരിവാൾ ഏതോ തടിക്കഷണത്തിൽ ഉടക്കി. അരിവാൾ വലിച്ചൂരി നോക്കിയപ്പോൾ ഈ തടിക്കഷണത്തിൽനിന്നും ചോര ചീററി ഒഴുകുന്നു. ഭയവിഹ്വലരായ സ്ത്രീകൾ പുല്ലുചെത്തു മതിയാക്കി വൻകരയിലേയ്ക്കു ധൃതിയിൽ മടങ്ങി തങ്ങളുടെ യജമാനന്മാരുടെ അടുക്കൽ വന്നു കാര്യം ബോധിപ്പിച്ചു. ഈ അത്ഭുതപ്രതിഭാസം കാണുവാൻ പട്ടാര്യരും സമീപസ്ഥരും മാട്ടേൽ തുരുത്തിലേയ്ക്കു പ്രവഹിച്ചു. ആരോ ശത്രുക്കൾ ചെയ്തുവച്ച കുട്ടോത്രമാണെന്നു ധരിച്ചുവശായ അവർ ജ്യോത്സ്യന്മാരെ വരുത്തി പ്രശ്നം വെയ്പിച്ചു. പുതുതായി ആവിർഭവിച്ച ക്രിസ്തീയസമൂഹത്തിന്റെ ആരാധനാവിഷയമായ ഒരു വസ്തുവാണെന്നും ക്രിസ്ത്യൻ സമൂഹത്തെ കണ്ടുപിടിച്ച് ഇതു തിരിയെ ഏല്പിക്കണമെന്നും ജ്യോത്സ്യന്മാർ നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം കുരിശു സംരക്ഷണത്തിനു മുമ്പോട്ടുവന്ന കുടുംബമാണു് പാലിക്കുവോർ (പാലക്കൽ) കുടുംബം. കുറെനാൾ വീട്ടിൽ സൂക്ഷിച്ചതിനുശേഷം കായൽത്തീരത്തു മാന്യമായ ഒരു കുരിശുപുര തീർത്തു് കുരിശു് ഈ പുരയിലേയ്ക്കു് മാററി. ഇന്നു പള്ളിപ്പുറം പള്ളി

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



യുടെ കിഴക്കു് കായൽത്തീരത്തുള്ള കപ്പേളയുടെ ഏതാണ്ടു് അല്പം തെക്കു മാറിയായിരുന്നു ഇതിൻെറ സ്ഥാനം എന്നു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. കുറെ ഏറെനാൾ അവിടെ പൂജ്യമായി സൂക്ഷിച്ചശേഷം പള്ളി വലുതാക്കിപണുതു കഴിഞ്ഞപ്പോൾ ഇതു പള്ളിയിലേയ്ക്കു മാററി. തെക്കെ അൾത്താരയുടെ മുകളിൽ ഒരു കണ്ണാടിക്കൂട്ടിൽ ഇതു സ്ഥാപിച്ചിരുന്നു. ഈ കുരിശുമൂലം നിരവധി അത്ഭുതങ്ങളും അനുഗ്രഹങ്ങളും പലർക്കും ലഭിക്കുകയും ചെയ്തു. കുരിശുതന്നെ ചുരണ്ടിയും ഒടിച്ചും കൊണ്ടുപോകയും ചെയ്തതുകൊണ്ടാണു് ആളുകൾക്കു് എത്തുപെടാൻ സാധിക്കാത്ത തെക്കേ അൾത്താരയുടെ മുകളിൽ കണ്ണാടിക്കൂട്ടിൽ സ്ഥാപിക്കാൻ ഇടയായതു്. ആണ്ടുതോറും ദുക്റാനത്തിരുനാളിൻെറ തലേദിവസം ഇതു പ്രദക്ഷിണമായി മാട്ടേൽതുരുത്തിൽ സ്ഥാപിതമായ ദേവാലയത്തിലേയ്ക്കു കൊണ്ടുപോകുകയും പിറേറദിവസം ദുക്റാനത്തിരുനാൾദിവസം, ദിവ്യബലിക്കും മററു തിരുക്കർമ്മങ്ങൾക്കുംശേഷം – ജലഘോഷയാത്രയായി - അനേകം കളിവള്ളങ്ങളുടെ അകമ്പടിയോടെ - കരയിലുള്ള ദേവാലയത്തിലേയ്ക്കു കൊണ്ടുവരുകയും പൂർവ്വസ്ഥാനത്തു സ്ഥാപിക്കുകയുമായിരുന്നു പതിവു്. പെ. ബ. ജോസഫ് തെക്കിനേൻ അച്ചൻ വികാരിയായപ്പോൾ 1987 ജൂലൈ മാസം 2-ാം തീയതി, അൾത്താരയുടെ മുകളിൽ ഏതാണ്ടു് അവഗണിക്കപ്പെട്ടിരുന്ന ഈ കുരിശു് അവിടെനിന്നും പുറത്തെടുക്കുകയും തെക്കേ അൾത്താരയുടെ മുൻവശത്തു് 8 അടി പൊക്കത്തിൽ തീർത്ത സ്വർണ്ണാങ്കിതമായ വലിയ കുരിശിൻെറ പീഠത്തിൽ, ഒരു കണ്ണാടിക്കൂട്ടിൽ സ്ഥാപിക്കുകയും ചെയ്തു. അഭിവന്ദ്യ ചേനപ്പറമ്പിൽ പിതാവാണു് ഇതു പുനർപ്രതിഷ്ഠിച്ചതു്. ആളുകൾക്കു സൗകര്യമായി കാണുന്നതിനും തൊട്ടുമുത്തുന്നതിനും ഇതുമൂലം സാധിക്കുന്നതാണു്.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## പരി. കന്യകയുടെ അത്ഭുത ചിത്രം

പള്ളിപ്പുറം ദേവാലയത്തിൽ സ്ഥിതിചെയ്യുന്ന രണ്ടാമത്തെ നിധിയാണ് പരി. കന്യകയുടെ അത്ഭുതചിത്രം. പള്ളിയിൽ വരുന്ന പലരും പെട്ടെന്നു കണ്ടുപിടിക്കുകയില്ലെങ്കിലും പ്രധാന അൾത്താരയുടെ നടുവിലായി മുകൾഭാഗത്തു കാണുന്ന മാതാവിന്റെ ചിത്രമാണിതു്. ഏതാണ്ടു നിത്യസഹായമാതാവിന്റെ പടത്തോടു സാധർമ്മ്യമുള്ള ഈ പടം പോർട്ടുഗലിൽനിന്നു കൊണ്ടുവന്നതാണ് എന്നു് വിശ്വസിക്കപ്പെടുന്നു. ഇതിന്റെ പിന്നിലും വലിയ ഒരു ഐതിഹ്യം നിലവിലുണ്ടു്. സുവിശേഷകനായ ചിത്രകാരനെന്നോ ചിത്രകാരനായ സുവിശേഷകനെന്നോ വിശേഷിപ്പിക്കപ്പെടുന്ന വി. ലൂക്കാശ്ലീഹാ വരച്ച മാതാവിന്റെ ചിത്രത്തിന്റെ തനിപ്പകർപ്പാണിതെന്നു പറയപ്പെടുന്നു. പോർട്ടുഗീസ് മിഷനറിമാർ ഭാരതത്തിലേയ്ക്കു യാത്രയായപ്പോൾ വരച്ചു പൂർത്തിയാക്കിയ 6 ചിത്രങ്ങളും വരയ്ക്കാൻ ഒരുക്കിവച്ചിരുന്ന ഒരു ചിത്രപ്പലകയും കൊണ്ടുപോന്നെന്നും കൊച്ചിയിൽ കപ്പലടുത്തപ്പോൾ വരയ്ക്കാത്ത ചിത്രപ്പലകയിൽ അത്ഭുതകരമായി മാതാവിന്റെ ചിത്രം പതിഞ്ഞെന്നും, എന്നാൽ മററു ചിത്രങ്ങളിൽനിന്നു യാതൊരു വ്യത്യാസവും കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെന്നും വിശ്വസിക്കപ്പെടുന്നു. പ്രസിദ്ധ ചിത്രകാരനായ രാജാ രവിവർമ്മ ഈ അത്ഭുതചിത്രം കാണുവാനായി ഒരിക്കൽ പള്ളിപ്പുറത്തു പള്ളിയിൽ എത്തുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ ചിത്രംപോലെ ഇത്രക്കുറുപാടൊത്തതും കാലത്തിന്റെ കടന്നാക്രമണംകൊണ്ടു മങ്ങലേല്ക്കാതെ നിലനില്ക്കുന്നതുമായ വർണ്ണചിത്രം വേറെയില്ലെന്നാണ്. ചിത്രത്തിന്റെ അപാര മേന്മയെ അദ്ദേഹം വാനോളം പുകഴ്ത്തുകയുണ്ടായി. ഇപ്രകാരം അനുഗൃഹീതമായ ഇങ്ങനെയൊരു ചിത്രം ഇവിടെയുണ്ടെന്നുള്ളതു്

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ബാഹ്യലോകത്തിനു് ഇന്നും അജ്ഞാതമാണു്. പള്ളിപ്പുറം ഇടവകയിൽത്തന്നെ എല്ലാവർക്കും ഇക്കാര്യമറിയാമോ എന്നു് ഈ എഴുത്തുകാരൻ ബലമായി സംശയിക്കുകയാണു്.

## റാഫേൽ ഫിഗരേദോ സൽഗാദോ

ബലിപീഠത്തിനു താഴെ മദ്ബഹായുടെ വലത്തുവശത്തായി മാർബിൾ ശിലയിട്ടു മൂടിയ ഒരു ശവകുടീരമുണ്ടു്. ഒരു പോർട്ടുഗീസ് മെത്രാന്റെ ഭൗതികാവശിഷ്ടമാണു് ഇതിൽ അടക്കം ചെയ്തിരിക്കുന്നതു്. കേരളത്തിലെ പ്രഥമ സ്വദേശീയ മെത്രാനായിരുന്നല്ലോ പറമ്പിൽ ചാണ്ടി മെത്രാൻ. (അലക്സാണ്ടർ ഡി-കാമ്പോ) ഇദ്ദേഹത്തിന്റെ സഹായിയും പിൻഗാമിയുമായി തെരഞ്ഞെടുക്കപ്പെട്ട ആളായിരുന്നു ഫിഗരേദൊ. ഇദ്ദേഹം തന്റെ മേലധികാരിയായ ചാണ്ടി മെത്രാനെ ധിക്കരിക്കുകയും, കൊച്ചിയിലെ വികാരി അപ്പസ്തോലിക്കയായിരുന്ന ഡോൺ തോമസ് ഡി കാസ്ട്രോയിൽനിന്നും മെത്രാൻപട്ടം സ്വീകരിക്കുകയും മെത്രാനടുത്ത അധികാരങ്ങൾ നടപ്പാക്കാനാരംഭിക്കുകയും ചെയ്തു. മുറസ്സുള്ള മെത്രാനായ പറമ്പിൽ ചാണ്ടി മെത്രാനു് തന്റെ നാട്ടിൽപ്പെട്ട ആരെയെങ്കിലും സഹായമെത്രാനായി കിട്ടണമെന്നായിരുന്നു ആഗ്രഹം. പക്ഷെ, പാശ്ചാത്യ കർമ്മലീത്തരാണു് ഫിഗരേദോയെ വാഴിക്കുവാൻ എല്ലാ ഒത്താശകളും ചരടുവലികളും നടത്തിയതു്. അവസാനം ഈ കർമ്മലീത്തക്കെതിരായും ഫിഗരേദോ തന്റെ അധികാരങ്ങൾ പ്രയോഗിക്കുവാൻ തുടങ്ങി. ഒരു കർമ്മലീത്ത വൈദികന്റെ ഭാഷയിൽ "ഞങ്ങൾ തന്നെ പണിതുവച്ച ഒരു കൊച്ചു പിച്ചാത്തി, ഒടുക്കം ഞങ്ങളെത്തന്നെ ക്രൂരമായി കുത്തിക്കീറി. അങ്ങനെ, ഫിഗരേദോ മെത്രാനെ അനുകൂലിച്ചി

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

രുന്നവരൊക്കെ അദ്ദേഹത്തിൻെറ നടപടിപിശകുമൂലം അദ്ദേഹത്തിനെതിരായി.

അധികാര ദുർവിനിയോഗവും സ്വേച്ഛാധിപത്യവും ശക്തിപ്രാപിച്ചപ്പോൾ ഫിഗരേദൊ, മെത്രാനെ ധിക്കരിച്ചുകൊണ്ടു് പള്ളികളിലേയ്ക്കു പുതിയ കല്പനകളും നിർദ്ദേശങ്ങളും അയയ്ക്കുവാൻ തുടങ്ങി. ചാണ്ടി മെത്രാൻെറ വികാരി ജനറാളായിരുന്ന ജോർജ്യോഹന്നാ എന്ന ഫ്രാൻസിസ്കൻ വൈദികനുപോലും മുടക്കു കല്പിച്ചു. ചിലരുടെ ഭാഷയിൽ ധനേച്ഛുവായ അദ്ദേഹം തൻെറ മുദ്രമോതിരവും കാസയും കുർബാനവീഞ്ഞും,വരെ വിററു പണമുണ്ടാക്കി ആഡംബരത്തോടെ ജീവിച്ചു. 1687-ൽ ചാണ്ടി മെത്രാൻ ദിവംഗതനായപ്പോൾ ഇദ്ദേഹത്തിൻെറ പ്രവൎത്തനങ്ങൾക്കും കല്പനകൾക്കും യാതൊരു കടിഞ്ഞാണും വിവേകവും ഇല്ലാതായി.

അനേകംപേർ കേരളത്തിൽനിന്നും ഇദ്ദേഹത്തിനു് എതിരായി റോമിലേയ്ക്കു് റിപ്പോർട്ടു് അയച്ചിരുന്നു. ഉതപ്പിനടുത്ത ഇദ്ദേഹത്തിൻെറ പലേ പ്രവർത്തനങ്ങളും അതിൽ അക്കമിട്ടു പറഞ്ഞിരുന്നു. ഇതിൻെറ വെളിച്ചത്തിൽ നടത്തിയ രഹസ്യാന്വേഷണത്തിൽ സംഗതികൾ ശരിയാണെന്നു മനസ്സിലാക്കുകയും റോമിൽനിന്നും ഇദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. പക്ഷേ, അന്നത്തെക്കാലത്തു് റോമിൽ നിന്നുള്ള വളരെ ഗൗരവമായ ഈ കല്പനപോലും കേരളത്തിൽ എത്താൻ മാസങ്ങൾ എടുത്തു. ഇക്കാലത്തു് ഇദ്ദേഹം പള്ളിപ്പുറം ഫൊറോന പള്ളിയുടെ വൈദികമന്ദിരത്തിലാണു് താമസിച്ചിരുന്നതു്. കല്പന കിട്ടുംമുമ്പേതന്നെ എന്നു ചിലരും, അല്ല, കിട്ടിയതിനു ശേഷമാണെന്നു മററു ചിലരും, അദ്ദേഹം ഹൃദ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



യസ്തംഭനം മൂലം നിര്യാതനായി എന്നു പറയുന്നു. മെത്രാനായിരുന്ന അദ്ദേഹത്തിൻെറ മൃതദേഹം പള്ളിപ്പുറം പള്ളിയുടെ മദ്ബഹായിൽ കബറടക്കി. സഭയുടെ ഒരു കരിപുരണ്ട ചരിത്രകാലത്തു ജീവിച്ചിരുന്ന ഇദ്ദേഹത്തിൻെറ ജീവചരിത്രത്തെക്കുറിച്ച് ഇനിയും ധാരാളം അറിയേണ്ടിയിരിക്കുന്നു. ചരിത്രപിതാക്കൾക്ക് അന്വേഷണത്തിനും പഠനത്തിനും ഇതു വളരെ നല്ല ഒരു വിഷയമാണ്

## പുണ്യചരിതനായ പാലയ്ക്കൽ മല്പ്പാൻ

കേരളസഭയ്ക്ക് വിശിഷ്യ, പള്ളിപ്പുറം ഇടവകയുടെ അഭിമാനപാത്രമായ പ്രസിദ്ധനായ പാലയ്ക്കൽ മല്പാൻെറ കബറിടമാണ് മദ്ബഹായുടെ ഇടത്തുഭാഗത്ത് (തെക്കുവശത്ത്) സ്ഥിതിചെയ്യുന്നത്. പള്ളിപ്പുറം മണ്ണിൽ ജനിച്ചു വളന്ന് ഒന്നര നൂററാണ്ടു മുൻപു ജീവിച്ചു മരിച്ച ഈ മനീഷിയെ ഇനിയും ബാഹ്യലോകം വേണ്ട വിധത്തിൽ അറിഞ്ഞിട്ടില്ല. വാഴ്ത്തപ്പെട്ട ചാവറയച്ചൻെറ ഗുരുഭൂതനായ, ആദ്ധ്യാത്മിക നിയന്താവായ ഇദ്ദേഹം വിശുദ്ധിയിലേയ്ക്കു കുര്യാക്കോസച്ചനെ കൈപിടിച്ചുയർത്താൻ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. അങ്ങനെ വിശുദ്ധൻെറ ഗുരുവായ പാലയ്ക്കലച്ചൻ 1842 ജാനുവരി 16-ാം തീയതി മരിക്കുകയും പിറേറദിവസം കേരളസഭ മുഴുവൻേറയും സാന്നിദ്ധ്യത്തിൽ ഇന്നു കാണുന്ന സ്ഥലത്തു സംസ്കരിക്കപ്പെടുകയും ചെയ്തു. സി. എം. ഐ. സഭാ സ്ഥാപനത്തിൻെറ 150-ാം വാർഷികം ആചരിച്ചപ്പോൾ സഭയുടെ സ്ഥാപകരിൽ പ്രധാനിയായ മല്പാനച്ചനെ പ്രത്യേകം ഓക്കുകയും സി. എം. ഐ. സഭയിലെ മിഷൻ രൂപതകളിലെ മെത്രാന്മാരെല്ലാവരും ഒരുമിച്ച് അദ്ദേഹത്തിൻെറ കബ്ബറിടത്തിങ്കൽ സമൂഹബലി അപ്പിക്കുകയും, മാർബിൾശില സ്ഥാപിക്കുകയും ചെയ്തു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പുണ്യശ്ലോകനായ ഈ ധന്യാത്മാവിനോട് അനുഗ്രഹം യാചിക്കുവാൻ ഇനിയും കാലങ്ങൾ എടുത്തേക്കാം. പക്ഷേ, പള്ളിപ്പുറത്തിൻെറ നിധിയായ, സുകൃതമായ. പുഷ്പമായ ഈ ധന്യാത്മാവിനെ, തങ്ങളുടെ ദേവാലയത്തിൽത്തന്നെ സംസ്കരിക്കപ്പെടുവാൻ ഇടവരുത്തിയ ദൈവപരിപാലനയെ സ്തുതിക്കുന്ന ദിവസങ്ങൾ തീർച്ചയായും ഉണ്ടാകും. അന്നെങ്കിലും അദ്ദേഹത്തിൻെറ ജീവിതസുകൃതങ്ങളെക്കുറിച്ച് ബാഹ്യലോകം കൂടുതൽ പഠിക്കുകയും അറിയുകയും ചെയ്യും. തീർച്ച. ഈ പുസ്തകംതന്നെ പുണ്യശ്ലോകനായ പാലയ്ക്കൽ മല്പാനച്ചനെക്കുറിച്ചാകയാൽ ഈ ചെറിയ വിവരണംകൊണ്ട് നിറുത്തുകയാണ്. ഇനി വരുന്ന പേജുകളിൽ കൂടുതൽ വിവരിക്കുന്നതാണ്.

## പ്രസിദ്ധമായ പള്ളിപ്പുറം സെമിനാരി

ഒരു നൂററാണ്ടു കാലത്തോളം നിലനിന്ന ഒരു പ്രസിദ്ധമായ സെമിനാരി പള്ളിപ്പുറത്തുണ്ടായിരുന്നെന്നും, വാഴ്ത്തപ്പെട്ട ചാവറയച്ചനെപ്പോലെയുള്ള മഹാരഥന്മാർ ഈ സെമിനാരിയിലൂടെ പരിശീലിപ്പിക്കപ്പെട്ടവരാണെന്നും ഇന്നുള്ള പള്ളിപ്പുറത്തെ തലമുറയ്ക്കു മിക്കവെക്കും അജ്ഞാതമായിരിക്കും. പള്ളിപൊളിച്ചു കളഞ്ഞപ്പോൾ ഇതിൻേറതായ യാതൊന്നും ബാക്കിനിറുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചതുപോലെ ഒരു കല്ലുപോലും സെമിനാരിയുടേതായിട്ട് അവശേഷിക്കുന്നില്ല. പക്ഷേ ഒരു കാലത്തു കേരളസഭയ്ക്കുവേണ്ടി നിർണ്ണായകങ്ങളായ തീരുമാനങ്ങളും യുദ്ധതന്ത്രങ്ങളും കരുപ്പിടിപ്പിച്ച ഈ സെമിനാരി നഷ്ടമായതു് കേരളസഭാചരിത്രത്തിനുതന്നെ വലിയ ഒരു നഷ്ടമായിപ്പോയി. ഗവേഷണകുതുകികളായ ഭാവി സഭാചരിത്രകാരന്മാർ ഗവേഷണത്തിനുള്ള ഒരിടമായി

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ഇതിനെ സ്വീകരിക്കുമെന്നു നമുക്കു പ്രത്യാശിക്കാം. (കൂടുതൽ വിവരങ്ങൾ മററു അദ്ധ്യായങ്ങളിൽ വായിക്കുക.)

## വാഴ്ത്തപ്പെട്ട വികാരിയച്ചൻ

ചാവറയച്ചനെക്കുറിച്ച് നന്നായി അറിയാവുന്നവർ പോലും മറന്നുപോകുന്ന ഒരു കാര്യമുണ്ട്. അതായത് രണ്ടിൽ കൂടുതൽ കൊല്ലം ചാവറയച്ചൻ തെക്കെ പള്ളിപ്പുറം പള്ളിയുടെ വികാരിയായിരുന്നിട്ടുണ്ട് എന്ന കാര്യം. തങ്ങളുടെ വികാരിമാരിൽ ഒരാൾ അൾത്താരയുടെ വണക്കത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കാര്യം എത്ര അഭിമാനത്തോടും അന്തസ്സോടുംകൂടി പള്ളിപ്പുറംകാർക്ക് ഓർക്കാനും പറയുവാനും കഴിയണം. പക്ഷെ ഇക്കാര്യം അറിയുന്നവർ പുതിയ തലമുറയിൽ വളരെ കുറയും. ഇന്നു് പള്ളിപ്പുറം ഫൊറോനാപ്പള്ളിയുടെ വികാരിയായിരിക്കുന്ന പെ. ബ. ജോസഫ് തെക്കിനേനച്ചൻ ഈ കുറവു പരിഹരിക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കുവാനും പലതും ചെയ്തുകൊണ്ടിരിക്കുന്നു എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ തങ്ങളുടെ വികാരിയായ വിശുദ്ധനു നല്കപ്പെടേണ്ട ഔന്നത്യത്തിലേയ്ക്കു് ആന്തരികമായ അഭിമാന വണക്കത്തിലേയ്ക്കു് പള്ളിപ്പുറം ഇടവകക്കാർ ഇനിയും ഉയരേണ്ടിയിരിക്കുന്നു. വികാരിയായിരുന്ന ചാവറയച്ചൻ 14 കൊല്ലം ഒരു ശമ്മാശ്ശനായും 2–ൽ പരം കൊല്ലം അവിടെ വികാരിയായും ജീവിച്ചു. 7 കൊല്ലം മാത്രം ജീവിച്ച കൂനമ്മാവിലെ കിണറിനും വെള്ളത്തിനും മണ്ണിനും പുൽക്കൊടിക്കും ഒക്കെ അത്ഭുതങ്ങളുടെ കഥ പറയാനുണ്ടെങ്കിൽ പള്ളിപ്പുറത്തിനു് എത്ര അധികമായ കഥ പറയാനുണ്ടാകും. അദ്ദേഹം 16 കൊല്ലം ചവിട്ടിയ മണൽത്തരികൾ എത്ര ഭാഗ്യമുള്ളവ. അദ്ദേഹം ഉപയോഗിച്ച കിണറും കുളങ്ങളും പെരുമാററസാധന

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ത്തുരുത്തി വരെയും ഇടവക വ്യാപിച്ചിരുന്നു. ചേർത്തല മുട്ടംപള്ളിയുണ്ടായതിനെക്കുറിച്ച് പറഞ്ഞുകേട്ടിട്ടുള്ള ഐതിഹ്യം ഇവിടെ കുറിക്കട്ടെ. ചേർത്തല മുട്ടത്തങ്ങാടിക്കാർ കൂട്ടംകൂടി ഞായറാഴ്ച കുർബ്ബാനയ്ക്കു വരിക പതിവായിരുന്നു. ഒരു ഞായറാഴ്ച ഇവർ വന്നപ്പോൾ ചെങ്ങണ്ട കടത്തു കടക്കാൻ താമസിച്ചതുകൊണ്ടോ എന്തോ, കുർബ്ബാന ആരംഭിച്ചുകഴിഞ്ഞിരുന്നു. മുട്ടത്തുകാരോട് അല്പം വാശിയുണ്ടായിരുന്ന പള്ളിപ്പുറംകാർ മുട്ടംകാർ വന്നില്ലെന്നു മനസ്സിലാക്കുകയും താമസിച്ചുവരുമ്പോൾ കയറാതിരിക്കാൻ വാതിലുകൾ ബന്ധിക്കുകയും ചെയ്തത്രെ. മുട്ടംകാർ വന്നപ്പോൾ അടയ്ക്കപ്പെട്ട വാതിലുകൾ അവർക്കായി തുറന്നില്ല. ഇതു് ഒരു അഭിമാനത്തിന്റെ പ്രശ്നമായി മുട്ടത്തുകാർ കണക്കാക്കി. തങ്ങളുടെ സ്ഥലത്തു പള്ളി പണിയാൻതന്നെ അവർ കൂടി തീരുമാനമെടുത്തു. രാത്രിയിൽവന്നു പള്ളിപ്പുറംകാർ അറിയാതെ പള്ളിയുടെ പുറത്തെ അളവുകൾ എടുക്കുകയും ഈ അളവു പള്ളിയുടെ അകത്തെ അളവാക്കി മുട്ടത്തു പള്ളി പണിയുകയും ചെയ്തെന്നും പള്ളിപ്പുറത്തെ മുൻപിലത്തെ പള്ളി മുട്ടത്തുപള്ളിയുടെ അകത്തു ഇരിക്കുമെന്നും പഴമക്കാർ പലരും പറഞ്ഞുകേട്ടിട്ടുണ്ട്. ഏതായാലും മുട്ടത്തുപള്ളിക്കുതന്നെ 900 (തൊള്ളായിരം) കൊല്ലത്തെ പഴക്കമുണ്ട്. ഇന്നത്തെ പള്ളിയായിരിക്കയില്ല ആദ്യത്തെപള്ളി എന്നു തീർച്ചയാണ്. മുട്ടത്തുപള്ളി പണിയാനുള്ള ഒരു കാരണമായിമാത്രം ഈ ഐതിഹ്യത്തെ കണക്കാക്കിയാൽ മതിയാകും.

ദൂരദേശങ്ങളിലുള്ളവർ ശനിയാഴ്ച രാത്രിതന്നെ പൊതിച്ചോറുംകെട്ടി ചൂട്ടും കത്തിച്ച് കുർബ്ബാനയിൽ സംബന്ധിക്കാനായി വരുമായിരുന്നത്രെ. ഏതായാലും പല പള്ളികളുടേയും തലപ്പള്ളിയായിരുന്നു പള്ളിപ്പുറംപള്ളി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS